**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട** **12.11.2019 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : *349**

**വ്യാവസായിക ഉല്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ വിപണി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ജോൺ ഫെർണാണ്ടസ്**<br>**ശ്രീ. കാരാട്ട് റസാഖ്**<br>**ശ്രീ. പി. ഉണ്ണി**<br>**ശ്രീ. ബി.സത്യൻ :** | | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | ചെറുകിട വ്യാപാരമേഖലയിൽ നൂറ് ശതമാനം വിദേശ നിക്ഷേപം അനുവദിക്കാനുള്ള കേന്ദ്ര തീരുമാനം സംസ്ഥാനത്ത് ആ മേഖലയിൽ സൃഷ്ടിക്കാനിടയുള്ള പ്രശ്നങ്ങൾ പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; | (എ) | ചെറുകിട വ്യാപാരമേഖലയിൽ നൂറ് ശതമാനം വിദേശ നിക്ഷേപം അനുവദിക്കാനുള്ള ആർ.സി.ഇ.പി കരാറിൽ ഇന്ത്യ ഒപ്പ് വച്ചാൽ രാജ്യത്തിന്റെ കാർഷിക, ക്ഷീര, മത്സ്യബന്ധന, വാണിജ്യ മേഖലകളിൽ കടുത്ത പ്രതിസന്ധികൾ സൃഷ്ടിക്കുമെന്ന ആശങ്ക രാജ്യത്താകമാനം ഉയർന്നുവരികയുണ്ടായി. ചൈന ഉൾപ്പെടെയുള്ള അസോസിയേഷൻ ഓഫ് സൗത്ത് ഈസ്റ്റ് ഏഷ്യൻ നേഷൻസ് (ASEAN) രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന ഉല്പന്നങ്ങൾ ഇന്ത്യൻ മാർക്കറ്റിൽ എത്തുമ്പോൾ അത് സൂക്ഷ്മ ചെറുകിട ഉല്പന്നങ്ങളുടെ വിപണിയെ സാരമായി ബാധിക്കും . കൂടാതെ ഭക്ഷ്യ ഉല്പാദന വ്യവസായ മേഖല, സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി എന്നിവയിൽ നിന്നുള്ള വരുമാനം വളരെയധികം താഴെ പോകുകയും ഈ മേഖലയിൽ ഗുരുതരമായ പ്രതിസന്ധി ഉടലെടുക്കുകയും ചെയ്യും. ഈ സാഹചര്യത്തിൽ കരാറിനെതിരെ അഭിപ്രായ രൂപീകരണത്തിന് കൃഷി വകുപ്പ് മുൻകൈയെടുത്ത് മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, വ്യവസായം എന്നീ വകുപ്പുകളുടെ പങ്കാളിത്തത്തോട് കൂടി 28.10.2019 ന് തിരുവനന്തപുരം കനകക്കുന്ന് നിശാഗന്ധി ആഡിറ്റോറിയത്തിൽ കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ധനകാര്യം, ജലവിഭവം, മത്സ്യബന്ധനം, മൃഗസംരക്ഷണം, ക്ഷീരവികസനം, |

| | | | |
|---|---|---|---|
| | | | വ്യവസായം എന്നീ വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിലും 'ആർ.സി.ഇ.പി കരാറും കേരളവും' എന്ന വിഷയത്തിൽ ഒരു ശിൽപ്പശാല സംഘടിപ്പിക്കുകയും ചെയ്തു .<br>ഇന്ത്യയ്ക്ക് അനുകൂലമല്ലാത്ത വ്യവസ്ഥകൾ അംഗീകരിക്കരുത് എന്നും രാജ്യത്തെ സാധാരണ ജനങ്ങളുടെ മേൽ അധിക ഭാരം ഏൽപ്പിക്കുന്ന ഈ കരാർ ഒപ്പ് വയ്ക്കാനുള്ള ആലോചനകളിൽ നിന്ന് കേന്ദ്ര സർക്കാർ പിന്മാറണമെന്നുമഭ്യർത്ഥിച്ചുകൊണ്ട് ഈ സമ്മേളനം ഐകകണ്ഠേന പ്രമേയം പാസ്സാക്കുകയുണ്ടായിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ വ്യാവസായിക ഉല്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ വിപണി നേടിയെടുക്കുകയെന്ന ലക്ഷ്യത്തോടെ രൂപീകരിച്ച വാണിജ്യ മിഷന്റെ പ്രവർത്തന പുരോഗതിയെക്കുറിച്ച് അറിയിക്കാമോ; | (ബി) | വിദേശ വിപണനം ലക്ഷ്യമിട്ട് വാണിജ്യ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി GO(Rt) No :1329/2018/ID തീയതി 03.12.2018 പ്രകാരം വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട്.സംസ്ഥാനത്തെ വ്യാവസായിക ഉല്പ്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ വിപണി നേടിയെടുക്കുകയെന്ന ലക്ഷ്യത്തോടെ രൂപീകരിച്ച വാണിജ്യ മിഷൻറെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br>• സംസ്ഥാനത്തെ ചെറുകിട വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക. ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക.<br>• ഭാരതത്തിലും വിദേശങ്ങളിലുമായി നടക്കുന്ന പ്രധാനപ്പെട്ട ട്രേഡ് ഫെയറുകളിൽ സംസ്ഥാനത്തു നിന്നും സംരംഭക പ്രതിനിധികളെ പങ്കെടുക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക.<br>• കേരളത്തിലെ നിക്ഷേപകർ/സംരംഭകർക്ക് ദേശീയ, അന്തർ ദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക. ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നൽകി ബിസിനസ്സ് ബന്ധം സ്ഥാപിക്കുക.<br>• ദേശീയ അന്തർദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക.<br>• കേരളത്തിൽ ഉത്പാദിക്കപ്പെടുന്ന തനതായ ഉൽപ്പന്നങ്ങളുടെ വിപണനം |

| | | | |
|---|---|---|---|
| | | | പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ വിഭാഗത്തിലും സംസ്ഥാന തലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക.<br>• മൊത്ത വ്യാപാരികൾക്കും, ചില്ലറ വ്യാപാരികൾക്കും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും അവാർഡുകൾ നൽകുവാനുള്ള നടപടി സ്വീകരിക്കുക.<br>• വാണിജ്യ സേവന മേഖലയുടെ വളർച്ചക്കായി ട്രേഡ് പ്രൊമോഷൻ കൗൺസിൽ രൂപീകരിക്കുക. |
| (സി) | വിപണി നേടിയെടുക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതോടൊപ്പം തന്നെ ദീർഘകാലാടിസ്ഥാനത്തിൽ ചെറുകിട വ്യാപാര മേഖലയിലെ ഓൺലൈൻ വ്യാപാരം കുത്തകകൾ കയ്യടക്കാനിടയുള്ള സാഹചര്യം ഒഴിവാക്കാൻ ആവശ്യമായ ഇടപെടൽ നടത്തുമോ എന്നറിയിക്കാമോ? | (സി) | കേരളത്തിലെ സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭകർക്ക് വാണിജ്യ / വിപണനങ്ങൾക്കായി വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി എസ്.എം.ഇ പോർട്ടൽ (www.keralasme.org/www.keralasme.com /www.keralasme.kerala.gov.in) കെ-ബിപ്പ് മുഖേന രൂപീകരിച്ചു. ഈ വെബ് പോർട്ടലിലൂടെ കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ തലത്തിൽ വിപണി കണ്ടെത്തുവാൻ സാധിക്കും.<br>എസ്.എം.ഇ പോർട്ടൽ വികസിപ്പിച്ചതിലൂടെ സംസ്ഥാനത്തെ സൂക്ഷ്മ - ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് ആഗോളതലത്തിലുള്ള വ്യവസായികൾ / ബയർമാർ എന്നിവരുമായി ആശയവിനിമയം നടത്തുവാൻ സാധിക്കും. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിലുള്ള ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന എസ്.എം.ഇ. പോർട്ടലിലൂടെ ചെറുകിട വ്യവസായ സംരംഭങ്ങൾ രജിസ്റ്റർ ചെയ്ത് അവരുടെ ഉൽപ്പന്നങ്ങളെയും സേവനങ്ങളെയും കുറിച്ച് പ്രചരിപ്പിക്കുവാൻ സാധിക്കും. |

**സെക്ഷൻ ഓഫീസർ**